പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ പട്ടിക

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2982

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ കഴിയുന്ന പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറത്തിറക്കിയ പ്രവൃത്തികളുടെ ഷെഡ്യൂളിൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ സംസ്ഥാനത്തിനു മാത്രമായി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | (എ) | പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറത്തിറക്കിയ പ്രവൃത്തികളുടെ ഷെഡ്യൂളിൽ സംസ്ഥാന സർക്കാർ ഒരു തരത്തിലും ഉള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് മാത്രമായി വരുത്തിയിട്ടില്ല. |
| (ബി) | റോഡുകളുടെ വശങ്ങൾ വൃത്തിയാക്കുന്ന പ്രവൃത്തി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നോ; ഇപ്പോൾ പ്രസ്തുത പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ഓടനിർമ്മാണത്തിന്റെ ഭാഗമായി റോഡുകളുടെ വശങ്ങൾ വൃത്തിയാക്കുന്ന പദ്ധതി ഏറ്റെടുത്തിരുന്നു. 03.01.2014 ൽ പരിഷ്കരിച്ച ഷെഡ്യൂൾ I പ്രകാരം,<br>1. പ്രകടമല്ലാത്തതും, അളക്കാൻ പറ്റാത്തതും, ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ<br>2. സാധാരണകൃഷിപ്പണികൾ എന്നിവ ഒഴിവാക്കിയിട്ടുണ്ട്.<br>റോഡുകളുടെ വശങ്ങൾ വൃത്തിയാക്കുന്ന പ്രവൃത്തി, ആവർത്തനസ്വഭാവമുള്ളവ ആകയാൽ ഈ പ്രവൃത്തികൾ കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | റോഡിന്റെ വശങ്ങൾ വൃത്തിയാക്കുന്ന പദ്ധതി ഉൾപ്പെടുത്തി പഞ്ചായത്തുകൾ തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ മാറ്റം വരുത്തി തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | 03.01.2014 ൽ പുതുക്കിയ പട്ടിക I പ്രകാരം, 4 മേഖലകളിലായി 22 ഇനം പ്രവൃത്തികൾ ഏറ്റെടുക്കാം (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു). ആയതിനാൽ അനുവദനീയമല്ലാത്ത പ്രവൃത്തികൾ ഒഴിവാക്കിയാലും തൊഴിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് 100 ദിവസം തൊഴിൽ കൊടുക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ

